കൈത്തറി തൊഴിലാളി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തൽ

* 44 [105] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുവാൻ വല്ല നിർദ്ദേശവും കേരളാ സ്റ്റേറ്റ് കൈത്തറി സഹകരണസംഘം ഗവണ്മെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ്;

(സി) ഗവണ്മെൻറ് ഇതിൽ എന്തു നടപടികൾ സ്വീകരിച്ചു?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

കൈത്തറി സഹകരണസംഘങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കൈത്തറി ഉപദേശകബോർഡിന്റെ ഒരു സബ് കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ വായ്പ നൽകുന്നതിനുള്ള പദ്ധതി

* 45 [107] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ ചെറിയ പലിശനിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാളിനകം ഈ പദ്ധതി നടപ്പിൽവരുത്തുമെന്നറിയിക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ചെറുകിട വ്യവസായങ്ങളെ പോഷിപ്പിക്കുവാൻ ചെറിയ പലിശനിരക്കിൽ വായ്പ നൽകുന്നതിനു പദ്ധതികൾ നിലവിലുണ്ട്. പുതിയ പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുരോഗതി

* 46 [108] ശ്രീ. വി. ശ്രീധരൻ

,, പി. കെ. രാഘവൻ

,, പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടി സംസ്ഥാനഗവണ്മെൻറ് നാളിതുവരെ എടുത്തിട്ടുള്ള നടപടികൾ ഏവ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വ്യവസായ മേഖലകൾ പുഷ്ടിപ്പെടുത്താൻ കൂടുതൽ ഫലപ്രദമായ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുന്നതിന് ഉദ്ദേശമുണ്ടോ;

(സി) കയർ, കശുവണ്ടി കാർപ്പറേഷൻ രൂപീകരണത്തിനുള്ള നടപടികൾ എത്രത്തോളമായി?

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസ്):

(എ, ബി, സി) കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനു് ഒരു സ്കീം തയ്യാറാക്കി കേന്ദ്രഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടു്. ഇതിന്റെ ഒരു ഭാഗമായ കയർ ടെക്നിക്കൽ ഡിംഗ് ഹൗസ് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതു് ഉടൻതന്നെ നടപ്പിൽ വരുന്നതാണു്. കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളിലൊന്നായ കശുവണ്ടിവ കോർപ്പറേഷനും രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഇതും ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണു്.

സഹകരണമേഖലയിൽ നാളികേരത്തിന്റെ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾക്കു പുറമേ സഹകരണമേഖലയിൽ ഒരു ഫിനാൻസിംഗ് കോർപ്പറേഷനും സംഘടിപ്പിച്ചിട്ടുണ്ടു് സഹകരണമേഖലയിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നും മറ്റും ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണു്.

തൊണ്ടുതല്ലുമെഷീൻ

* 47 [109] ശ്രീ വി. എസ്. അച്യുതാനന്ദൻ:
,, പ്രൊ. ടി. കുമാരൻ
,, എ. പി. ദാമോദരൻ
,, വി. ഡി. വേണുഗോപാൽ
,, എം. കെ. ജോസഫ്
,, പാലൊളി മുഹമ്മദ്കുട്ടി
,, പി. പി. കുഞ്ഞൻ

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടുതല്ലുമെഷീൻകൊണ്ടു് ഒരു ദിവസം എത്ര തേങ്ങയുടെ തൊണ്ടു തല്ലാമെന്നാണു് കണക്കാക്കിയിരിക്കുന്നതു്;

(ബി) പ്രസ്തുത മെഷീൻ ഉപയോഗത്തിൽ വന്നതുമൂലം സ്റ്റോറേജ് എത്ര പേർക്കു് തൊഴിൽ നഷ്ടപ്പെടുന്നുണ്ടു്;

(സി) ഈ തൊഴിലില്ലായ്മ തടയുവാൻ ഗവണ്മെന്റു് മുൻകൂട്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) തൊണ്ടിന്റെ എണ്ണം മെഷീനിന്റെ വലുപ്പത്തെ ആശ്രയിച്ചിരിക്കും.
(ബി സി.) സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല.

50 ബിയിൽ ഉൾപ്പെടുത്തി വികസനത്തിനുള്ള പണികൾ

* 48 [110] ശ്രീ. പന്തളം പി. ആർ. രാധാകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടു് ബഡ്ജറ്റിൽ 50ബി യിൽ ഉൾപ്പെടുത്തിയ പണികൾ നടത്തേണ്ടതില്ലെന്ന ഗവണ്മെന്റു് ഉത്തരവു പാസ്സാക്കിയോ;

LIBRARY ARCHIVES Kerala Legislative Assembly